# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 268 | 06.01.2014-ൽ മറുപടിയ്ക്ക്

## ശ്രീ.ജയപ്രസാദിനേറ്റ പോലീസ് മർദ്ദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. സത്യൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച് പ്രതിഷേധം അറിയിച്ച ശ്രീ.ജയപ്രസാദ് എന്നയാളെ ക്രൂരമായി മർദ്ദിച്ചത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവോ; | (എ) ആവശ്യപ്പെട്ടിരുന്നു. |
| (ബി) അന്വേഷണം നടത്തി റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് നൽകിയത് എപ്പോഴാണ്; പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ; | (ബി) സംസ്ഥാന പോലീസ് മേധാവി 20.11.2013- ൽ അന്വേഷണ റിപ്പോർട്ട് സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) ശ്രീ. ജയപ്രസാദിന്റെ ജനനേന്ദ്രിയം തകർത്ത എസ്.ഐയ്ക്കും പോലീസ്കാരനുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ; ഏതെല്ലാം കുറ്റങ്ങൾ ചുമത്തി എതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ശ്രീ. ജയപ്രസാദിനെ മർദ്ദിച്ചതിന്റെ പേരിൽ പേട്ട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1275/2013 u/s 341,323,324,506(i) & 34 IPC പ്രകാരം പൂന്തുറ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് സബ്-ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. വിജയദാസിനും, മറ്റു 3 പോലീസുകാർക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**